**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 606** | **09/02/2016 ൽ മറുപടിയ്ക്ക്** |

**മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യ**

| | |
|---|---|
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പ്രവർത്തിയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട് |
| (സി) | ഭരണാനുമതി ലഭിച്ചെങ്കിലും വ്യവസായ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ധനകാര്യ വകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) | പ്രസ്തുത പ്രവർത്തിക്ക് 01/11/2014 ലെ G.O(Rt)No.1226/2014/ID സർക്കാർ ഉത്തരവു പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ടി പദ്ധതിയ്ക്കായി തുക അനുവദിക്കുന്നതിന് 15/09/2015 ലെ G.O(Rt) No.956/2015/ID നമ്പർ ഉത്തരവു പ്രകാരം പ്രത്യേക ശീർഷകം (4851-105-97-Legislature Assembly Constituency Asset Development Scheme) നിശ്ചയിച്ചു നൽകിയിരുന്നു. മേൽ ശീർഷകത്തിൽ നിന്നും തുക പിൻവലിച്ച് ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്)ന് നൽകുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. |
| (ഡി) | പ്രസ്തുത ഹെഡ്ഓഫ് അക്കൗണ്ടിൽ നിന്നും തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയൂ എന്ന് കാണിച്ച് പൊതുമരാമത്ത് വിഭാഗം ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രവർത്തിക്കാവശ്യമായ തുക അടിയന്തിരമായി ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഇ) | സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുക അടിയന്തിരമായി റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ